## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം:161 — 13.07.2016-ൽ മറുപടിയ്ക്ക്.

# കോടതികളിൽ നിലവിലുള്ള കേസ്സുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.രാജു എബ്രഹാം.<br>ശ്രീ.ഒ.ആർ.കേളു.<br>ശ്രീ.ജോർജ് എം.തോമസ്. | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ കേസ്സുകൾ കെട്ടിക്കിടക്കുന്നത് നീതിന്യായ വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | (എ) ഉണ്ട്. |
| (ബി) വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ അദാലത്തിലൂടെ തീർപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ; ഇതിനായി സ്പെഷ്യൽ ജഡ്ജിമാരെ നിയമിക്കുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ; | : | (ബി) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും ഹൈക്കോടതിയുടെയും ആഭിമുഖ്യത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാറുണ്ട്. അദാലത്തുകൾ സംഘടിപ്പിക്കുന്നതിനായി കോടതികളുടെ Special Sitting ആവശ്യമായി വരികയാണെങ്കിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിട്ടിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഹൈക്കോടതി പുറപ്പെടുവിക്കാറുമുണ്ട്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആവശ്യപ്രകാരം National Lok Adalath സംഘടിപ്പിക്കുന്നതിന് വേണ്ടുന്ന പക്ഷം സർവ്വീസിലുള്ള ന്യായാധിപന്മാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള അനുമതി ബഹു.ഹൈക്കോടതി നൽകാറുണ്ട്. |

(സി) കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യത്തിന് ജഡ്ജിമാരെയും മജിസ്ട്രേറ്റുമാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ? :

(സി) ഭൂലഭ്യത അനുസരിച്ച് നവീന രീതിയിലുള്ള കോടതി സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കീഴ് കോടതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടികളും കൈക്കൊള്ളുന്നുണ്ട്. സ്റ്റേറ്റ് സബോർഡിനേറ്റ് ജുഡീഷ്യറിയിലേക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് ഹൈക്കോടതി നിർദ്ദേശപ്രകാരം ജുഡീഷ്യൽ ഓഫീസേഴ്സിനെ നിയമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**